# സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

യേശുവിന്റെ കൂടെയുള്ള ജീവിതം തികച്ചും സുരക്ഷിതമായിരിക്കും. 'ഞാൻ നിങ്ങളെ ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല' എന്നും വാഗ്ദത്തം ചെയ്തിരിക്കുന്നു. ആടുകളുടെ ആവശ്യം മനസ്സിലാക്കി അവയെ യഥാസമയം പോററുകയും സംരക്ഷിക്കുകയും ചെയ്യുമോ, അതോ ആടുകൾക്ക് വിശന്നാലും അതെപ്പററി ചിന്തിക്കുകയോ കാര്യമാക്കുകയോ ചെയ്യാതെ എവിടെയെങ്കിലും മാറി നിൽക്കുകയോ ചെയ്യുന്നതല്ല യഥാർത്ഥ ഇടയൻ. അവൻ പച്ചയായ പുൽപുറങ്ങളിൽ തന്നെ പോഷിപ്പിക്കുകയും സ്വസ്ഥതയുള്ള വെള്ളത്തിൽ നിന്നും കുടിപ്പിക്കുകയും ചെയ്യുന്നു.

നമ്മുടെ ഇടയനായ കർത്താവ് പറഞ്ഞു, ' ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല' എന്തൊരു ശ്രേഷ്ഠമായ വാഗ്ദാനമാണിത്. 'അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾക. 1 പത്രൊസ് 5:7. അവൻ നമ്മൾക്കായി, തന്റെ ആടുകൾക്കായി കരുതുന്നവനാണ് എന്നതിനാൽ സകല ചിന്താകുലവും നാം തന്നെ വഹിച്ചുകൊണ്ട് നടക്കാതെ അവന്റെമേൽ ഇട്ടിട്ട് തികഞ്ഞ സമാധാനത്തോടും സ്വസ്ഥതയോടും കൂടെ ജീവിക്കുവാനാണ് ആടുകളായ നമ്മെ വചനം പ്രബോധിപ്പിക്കുന്നത്. നമ്മുടെ ഇടയനായ യേശു നമുക്കുവേണ്ടി കരുതുന്നവനാണ്. നമ്മെ സഹായിപ്പാൻ ഒരുക്കമുള്ളവനായി എപ്പോഴും നിലകൊള്ളുന്നവനാണ്.

നമ്മുടെ ഇടയൻ ത്രിത്വത്തിൽ രണ്ടാമനായ പുത്രനാം ദൈവമാണ്. സൃഷ്ടിപ്പിൽ പിതാവിനോടു കൂടെയുണ്ടായിരുന്ന നിത്യനാം ദൈവം ആണ്. സകലവും അവനാലും അവൻ മുഖാന്തരവും ഉളവായി. ഉളവായതൊന്നും അവൻ കൂടാതെ ഉളവായതല്ല. സകല ചരാചരങ്ങളുടെയും സൃഷ്ടിതാവണവൻ. അവയെ എല്ലാം നിലനിർത്തുന്നതും അവൻ തന്നെ. ആകാശവിതാനത്തിൽ കാണുന്ന കോടാനുകോടി നക്ഷത്രങ്ങളും ഗോളങ്ങളും സൂര്യനും ചന്ദ്രനും എല്ലാം അവന്റെ കൈവേലയാണ്. അവയെല്ലാം അവിടെ നിലകൊള്ളുന്നത് കർത്താവിന്റെ വചനത്തിന്റെ ശക്തിയാൽ മാത്രമാണ്.

തുടരും....